സിബി (1) 34512/06

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്

തിരുവനന്തപുരം തിയ്യതി : 05/02/2007

## സർക്കുലർ നമ്പർ 10/2007

വിഷയം: സഹകരണ വകുപ്പ് - സംസ്ഥാനത്തെ വായ്പ സഹകരണ സംഘങ്ങൾ / ബാങ്കുകൾ - സ്ഥിര നിക്ഷേപങ്ങൾക്ക് പരമാവധി പലിശ നിരക്ക് പുതുക്കി നിശ്ചയിക്കുന്നത് - സംബന്ധിച്ച്

സൂചന : 1) ഈ ആഫീസിലെ 25/10/2006 ലെ 48/2006 നമ്പർ സർക്കുലർ.
2) 22/01/2007 ൽ കൂടിയ സഹകരണ മേഖലയിലെ നിക്ഷേപ വായ്പ പലിശ നിരക്കുകൾ പുനർ നിർണ്ണയം ചെയ്യുന്നതിനുള്ള സബ്കമ്മററിയുടെ തീരുമാനങ്ങൾ.
3) 31/01/2007 ൽ ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസ് തീരുമാനം

സംസ്ഥാനത്തെ സഹകരണ വായ്പ സംഘങ്ങൾ / ബാങ്കുകൾ വിവിധ തരം നിക്ഷേപങ്ങൾക്ക് നൽകി വരുന്ന പരമാവധി പലിശ നിരക്കിൽ കാലോചിതമായ മാററം വരുത്തുന്നത് സംബന്ധിച്ച് 22/01/2007 ൽ കൂടിയ സഹകരണ മേഖലയിലെ നിക്ഷേപ വായ്പ പലിശ നിരക്കുകൾ പുനർ നിർണ്ണയം ചെയ്യുന്നതിന് നിശ്ചയിച്ചിട്ടുള്ള സബ് കമ്മററി വിശദമായി ചർച്ച ചെയ്യുകയും, സബ്കമ്മററിയുടെ റിപ്പോർട്ട് 31/01/2007 ന് ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്യുകയുണ്ടായി. അതിനനുസൃതമായ പുതുക്കിയ പരമാവധി പലിശ നിരക്കുകൾ ശതമാനക്കണക്കിൽ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിക്ഷേപങ്ങളുടെ കാലാവധി | സംസ്ഥാന സഹകരണ ബാങ്ക് (%) | | ജില്ല സഹകരണ ബാങ്ക് (%) | | പ്രാഥമിക വായ്പ സഹകരണ ബാങ്കുകൾ / സംഘങ്ങൾ (%) | |
|---|---|---|---|---|---|---|---|
| | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 1 | 15 ദിവസം മുതൽ 30 ദിവസം വരെ | 4.75 | 5.00 | 5.00 | 5.25 | 5.50 | 5.75 |
| 2 | 31 ദിവസം മുതൽ 45 ദിവസം വരെ | 4.75 | 5.00 | 5.00 | 5.25 | 5.50 | 5.75 |
| 3 | 46 ദിവസം മുതൽ 90 ദിവസം വരെ | 5.75 | 6.00 | 6.00 | 6.25 | 6.50 | 6.75 |
| 4 | 91 ദിവസം മുതൽ 179 ദിവസം വരെ | 6.50 | 6.50 | 6.75 | 6.75 | 7.00 | 7.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | 180 ദിവസം മുതൽ 364 ദിവസം വരെ | 6.75 | 6.75 | 7.00 | 7.00 | 7.50 | 7.50 |
| 6 | 1 വർഷം മുതൽ 3 വർഷം വരെ | 7.50 | 8.00 | 7.75 | 8.25 | 8.00 | 8.50 |
| 7 | 3 വർഷം മുതൽ 5 വർഷം വരെ | 7.50 | 8.25 | 7.75 | 8.50 | 8.25 | 8.75 |
| 8 | 5 വർഷവും അതിനുമുകളിലും | 8.00 | 8.35 | 8.25 | 8.50 | 8.50 | 8.75 |

മു തിർന്ന പൗരന്മാരുടെ നിക്ഷേപങ്ങൾക്ക് നിലവിൽ $^1/_2$% അധികം പലിശ എന്നത് $^1/_2$% നും 1% നും ഇടയിൽ അതാത് സംഘങ്ങൾ / ബാങ്കുകൾ എന്നിവയുടെ തീരുമാനത്തിന് വിധേയമായി നൽകുന്നതിനും സംഘങ്ങളെ അനുവദിച്ചിരിക്കുന്നു. എന്നാൽ 1 വർഷത്തിനും മുകളിൽ നിക്ഷേപം നടത്തുന്ന മുതിർന്ന പൗരന്മാരുടെ നിക്ഷേപങ്ങൾക്ക് അധിക പലിശ ഉൾപ്പടെ മിനിമം പലിശ 9% നൽകേണ്ടതാണ്. മേൽ പറയുന്ന നിക്ഷേപങ്ങളുടെ പുതുക്കിയ പലിശ നിരക്കുകൾക്കും മുതിർന്ന പൗരന്മാർക്കുള്ള പലിശ നിരക്കുകൾക്കും ഉത്തരവ് തിയ്യതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ഒപ്പ്

സഹകരണസംഘം രജിസ്ട്രാർ (ഇൻചാർജ്ജ്)

പകർപ്പ് -

1 മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
2 ചീഫ് ജനറൽ മാനേജർ, നബാർഡ്, തിരുവനന്തപുരം
3 ജനറൽ മാനേജർ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം
4 ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
5 എല്ലാ സഹകരണ സംഘം ജോ. രജിസ്ട്രാർ (ജനറൽ / ആഡിററ്) മാർക്കും
6 എല്ലാ സഹകരണ സംഘം അസി. രജിസ്ട്രാർ (ജനറൽ / ആഡിററ്) മാർക്കും
7 എല്ലാ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ / ബാങ്കുകൾക്കും (ജോ. രജിസ്ട്രാർ ജനറൽ മുഖേന )
8 സെക്രട്ടറി സംസ്ഥാന സഹകരണ യൂണിയൻ
9 സർക്കുലർ ബുക്ക്
10 എല്ലാ സഹകരണ പ്രസിദ്ധീകരണങ്ങൾക്കും
11 ഇരപ്പ് ഫയൽ / സ്പെയർ

//ആജ്ഞാനുസരണം//

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി